ഷൻ) ആണ് പത്രപ്രവർത്തനവും. ബുദ്ധിശാലികളും അഭ്യസ്തവിദ്യരുമായ യുവജനങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് സാങ്കേതികപരിശീലനം നൽകി അവരെ വിദഗ്ദ്ധ പത്രപ്രവർത്തകരാക്കി വളർത്തുന്നതിനു മിക്ക വലിയ പത്രങ്ങളിലും ഇന്നു വിപുലമായ ഏർപ്പാടുകളുണ്ട്. കേരളത്തിൽ പത്രപ്രവർത്തക പരിശീലനരംഗത്തിൽ മലയാള മനോരമ നിർവഹിച്ചതും നിർവഹിച്ചുവരുന്നതുമായ മാർഗ ദർശക സേവനവും വിശദമായി ചർച്ചചെയ്യപ്പെടേണ്ട ഒരു വിഷയമാകുന്നു.

'പത്രപ്രവർത്തനത്തിന്റെ പുരോഗതി' എന്നു സാമാന്യമായി പറയുമ്പോൾ, അതിൽ ഉൾപ്പെടുത്തേണ്ട നാലു മുഖ്യ കാര്യങ്ങളെപ്പററി പൊതുവെ പ്രസ്താവിക്കുക മാത്രമാണ് ഇവിടെ ചെയ്തത്. ഇനിയങ്ങോട്ട് ഇവിടെ നടക്കുന്ന വിദഗ്ദ്ധ ചർച്ച ഈ വിഷയങ്ങളിലേക്കു വേണ്ടത്ര വെളിച്ചം പ്രസരിപ്പിക്കുമെന്ന് ആശിക്കുന്നു.

കേരളത്തിലെ മഹത്തായ ഒരു സാംസ്കാരിക സ്ഥാപനമാണ് മലയാള മനോരമ. ഇന്ത്യയിലെ ദിനപത്രങ്ങളിൽ ഏററവുമധികം പ്രചാരമുള്ളത് മലയാള മനോരമയ്ക്കാകുന്നു അതിനാൽ, ഭാരതഭൂമിയിലെതന്നെ ഏററവും പ്രധാനമായ ഒരു സാംസ്കാരികസ്ഥാപനം എന്ന് അതിശയോക്തി സ്പർശം കൂടാതെ, മലയാള മനോരമയെ വിശേഷിപ്പിക്കാം. ജനങ്ങളെ ബോധവൽക്കരിക്കുന്നതിൽ ഏതൊരു സർവകലാശാലയും നിർവഹിക്കുന്നതിലേറെ സേവനം നല്ല നിലയിൽ നടത്തുന്ന ഒരു പത്രം നിർവഹിക്കുന്നുണ്ട്. നൂറു വർഷം നീണ്ടുനിന്ന സേവനത്തിലൂടെ മലയാള മനോരമ നമ്മുടെയെല്ലാം സാംസ്കാരിക പൈതൃകത്തിലേക്ക് അദ്വിതീയമായ സംഭാവന ഇതിനകം നൽകിയിരിക്കുന്നു. ഈ സംഭാവന ഭാവിയിലെ മാറിവരുന്ന പരിസ്ഥിതികളിൽ കൂടുതൽ വ്യാപകമായും പ്രഭാവപൂർണമായും ഇനിയുമെത്രയോ കാലം തുടരുമാറാകട്ടെ എന്നു പ്രാർത്ഥിക്കുക മാത്രമേ ഞാൻ ഇനി ചെയ്യേണ്ടതായിട്ടുള്ളു.

മലയാള മനോരമയുടെ സ്ഥാപകനായ പത്രാധിപ പരമാചാര്യനും അപ്പിതാത്മാക്കളായ അദ്ദേഹത്തിന്റെ പിൻഗാമികൾക്കും ഒരു മലയാള പത്ര പ്രവർത്തകൻ എന്ന നിലയിൽ എന്റെ സാദര പ്രണാമങ്ങൾ!

(20 മാർച്ച്, 1988)

# 82. മുഖപ്രസംഗങ്ങൾ

സേവനമായി ആരംഭിച്ച പത്രപ്രവർത്തനം ഇന്ന് ഏറെക്കുറെ വ്യവസായമായി മാറിയിരിക്കാം. സമൂഹത്തിനു കൈവരുന്ന സേവനത്തെക്കാളേറെ സ്ഥാപനത്തിനു കൈവരുന്ന സാമ്പത്തികലാഭം പത്രപ്രവർത്തനത്തിന്റെ ലക്ഷ്യമായിട്ടുമുണ്ടാവാം. എങ്കിലും സേവനമെന്ന അടിസ്ഥാനലക്ഷ്യത്തെ അവഗണിക്കുന്ന തോതിന് വ്യവസായമെന്ന നിലയിൽ വിജയിക്കുന്നതിനുള്ള സാദ്ധ്യത പത്രസ്ഥാപനത്തിനു നഷ്ടപ്പെടും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രചാരം ഏറുന്ന തോതിനാണല്ലോ വിററുവിലയായും പരസ്യക്കൂലിയായും പത്രസ്ഥാപനത്തിനു സാമ്പത്തികവരുമാനം വർദ്ധിക്കുക. പ്രചാരമാകട്ടെ, വായനക്കാർ ഓരോ ദിവസവും സ്വമേധയാ പണം നൽകി പത്രം വാങ്ങുന്നതിനെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. മികച്ച സേവനം തങ്ങൾക്കു ലഭിക്കുന്നു എന്ന് ഉറപ്പുള്ളപ്പോൾ മാത്രമേ വായനക്കാർ പണം മുടക്കി പത്രം വാങ്ങുകയുള്ളു. രാഷ്ട്രീയപ്രവർത്തകർക്കു പല വർഷങ്ങളിൽ ഒരിക്കലേ തിരഞ്ഞെടുപ്പിനെ നേരിടേണ്ടതുള്ളു. പത്രങ്ങൾക്കാകട്ടെ എല്ലാ പ്രഭാതങ്ങളിലും നിർണായകമായ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ടതുണ്ട്. തിരഞ്ഞെടു

പ്പുകളിൽ രാഷ്ട്രീയപ്രവർത്തകർക്ക് വിരലിലെണ്ണാവുന്ന എതിരാളികളോടേ പൊരുതേണ്ടൂ. പത്രത്തിന് എതിരാളികൾ നൂറുകണക്കിലാണ്. എതിരാളികൾക്കുള്ളതിൽ കൂടുതൽ മേന്മ തനിക്കുണ്ടെന്ന് ഓരോ പ്രഭാതത്തിലും തെളിയിക്കാത്ത പത്രം ഏറെ നാൾ ജീവിച്ചിരുന്നേക്കുകയില്ല.

എന്താണ് പത്രത്തിന്റെ മേന്മ? പത്രത്തിന്റെ മേന്മ വായനക്കാർക്ക് പത്രം ചെയ്യുന്ന സേവനത്തിന്റെ മേന്മയല്ലാതെ മറ്റൊന്നുമല്ല. പത്രം മുഖ്യമായും വായനക്കാർക്ക് നൽകുന്നത് വാർത്തകളാണല്ലോ. ജനാധിപത്യസമൂഹത്തിൽ സ്വയം ഭരിക്കുന്നതിന് അനുപേക്ഷണീയമായ അറിവ് പൗരന്മാർക്ക് കൈവരുത്തുകയാണ്, വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിലൂടെ പത്രം നിർവ്വഹിക്കുന്ന സേവനം. ഈ അറിവ് പൗരന്മാർക്ക് കൈവരണമെങ്കിൽ ഓരോ ദിവസത്തെയും സംഭവങ്ങളെ അവയ്ക്ക് സാമൂഹ്യമായ അർത്ഥഗർഭത നൽകുന്ന പശ്ചാത്തലത്തിൽ പൂർണതയോടെയും സത്യസന്ധതയോടെയും പത്രം വായനക്കാർക്ക് വിശദീകരിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

എല്ലാ സംഭവങ്ങൾക്കും വാർത്താപ്രാധാന്യമില്ല; സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിൽ താല്പര്യസംഘട്ടനം ഉളവാകാൻ കാരണമായിരിക്കുക, ജനങ്ങൾക്കിടയിൽ ജിജ്ഞാസ വളർത്തുന്നതായിരിക്കുക, കൂടുതൽ ആളുകളെ ബാധിക്കുന്നതായിരിക്കുക, ഈയിടെ സംഭവിച്ചതായിരിക്കുക, കേൾക്കാൻ പുതുമയുള്ളതായിരിക്കുക എന്നിങ്ങനെ അഞ്ചു ഘടകങ്ങൾ ഏറിയോ കുറഞ്ഞോ ഉൾക്കൊള്ളുന്ന സംഭവങ്ങളാണ് വാർത്തകളായി പരിഗണിക്കപ്പെടുന്നത്. ഈ ലക്ഷണങ്ങൾ ഒത്ത വാർത്തകൾ സത്യസന്ധമായും കണിശത്തോടെയും ഉടനടനം ധാരാളമായും നൽകുന്ന തോതിന് പത്രം മേന്മയുള്ളതായി കണക്കാക്കപ്പെടും.

വാർത്താവിതരണമെന്നത് പക്ഷേ, പത്രത്തിന്റെ ധർമങ്ങളിൽ ഒന്ന് (മുഖ്യമായ ഒന്നുതന്നെ) മാത്രമേ ആകുന്നുള്ളു. വാർത്താവിതരണത്തോടൊപ്പം പ്രാധാന്യമുള്ള മറ്റു രണ്ടു പത്രധർമങ്ങളാണ് വായനക്കാരെ ഉദ്ബുദ്ധരാക്കുന്നതും അവരെ രസിപ്പിക്കുന്നതും. പത്രങ്ങളുടെ മേന്മ നിർണയിക്കുമ്പോൾ എത്ര അളവിൽ പത്രം ഈ ധർമങ്ങൾ നിറവേറ്റുന്നു എന്ന വസ്തുതകൂടി കണക്കിലെടുക്കേണ്ടതുണ്ട്.

വായനക്കാരെ ഉദ്ബുദ്ധരാക്കുക എന്നതിന് അർത്ഥം അവരെ കർമോന്മുഖരാക്കുക എന്നുകൂടിയാകുന്നു. വാർത്താവിതരണം പലപ്പോഴും നിഷ്ക്രിയമാണ്; ഉദ്ബോധനം മിക്കപ്പോഴും സക്രിയവും. എണ്ണക്കപ്പലുമായി കൂട്ടിയിടിച്ചു തീപിടിച്ചു കടലിൽത്താണുപോയ കടത്തുകപ്പലിൽനിന്ന് എണ്ണ കത്തിയാളുന്ന കടൽത്തിരകളിലേക്കു കുതിച്ചുചാടി മുങ്ങിയും വെന്തും മരിച്ച ആയിരക്കണക്കിനു നിസ്സഹായരായ യാത്രക്കാരെക്കുറിച്ചുള്ള വിവരണം പ്രാധാന്യമുള്ള വാർത്തയാണ്. പക്ഷേ, ആ വാർത്ത വായനക്കാരെ ഉടൻ ഒരു പ്രവൃത്തിക്കും പ്രേരിപ്പിക്കുന്നില്ല. നേരെമറിച്ച് ഭരണകക്ഷിയുടെ അഴിമതിയെക്കുറിച്ചോ സർക്കാരിന്റെ അനാസ്ഥയെക്കുറിച്ചോ മുനിസിപ്പാലിറ്റിയുടെ പിടിപ്പുകേടിനെക്കുറിച്ചോ ഉള്ള വേണ്ടത്ര തെളിവുകൾ ഉദ്ധരിച്ചു വസ്തുനിഷ്ഠമായി സമർത്ഥിക്കപ്പെട്ട ഒരു വിവരണം ഈ സ്ഥാപനങ്ങളെ നേർവഴിക്കു കൊണ്ടുവരുവാൻ താൻ എന്തു ചെയ്യണമെന്ന ചിന്ത പൗരബോധമുള്ള വായനക്കാരിൽ ഉണർത്താതിരിക്കുകയില്ല. ബഹുജനങ്ങളുടെ ചിന്ത അല്പം വൈകിയെങ്കിലും ക്രിയയായി മാറുമെന്നതാണല്ലോ ജനാധിപത്യഭരണത്തിന് മറ്റു ഭരണസമ്പ്രദായങ്ങളെ അപേക്ഷിച്ച് ഉള്ള സവിശേഷത.

വാർത്തകൾ സമർപ്പിക്കുന്നതിലൂടെയും പത്രം ഉദ്ബോധനം നടത്താതിരിക്കുന്നില്ല. പത്രത്തിന്റെ എട്ടോ പത്തോ പന്ത്രണ്ടോ പേജുകളിൽ പരസ്യവും മറ്റും ചേർത്തു ബാക്കിവരുന്ന ഏതാനും ചതുരശ്ര സെന്റിമീറ്റർ സ്ഥലമാണല്ലോ ഓരോ ദിവസവും വാർത്തകൾ പ്രസിദ്ധീകരിക്കാൻ ലഭിക്കുന്നത്. പത്രമാഫീസ്സിൽ ടെലിപ്രിന്റർ, ഫോൺ, തപാൽ എന്നിവയിലൂടെ വന്നുകുമിയുന്ന

വാർത്തകളിൽ വളരെ കുറച്ചു മാത്രമേ സ്വാഭാവികമായി അച്ചടിമഷിപുരണ്ടു വായനക്കാരുടെ കൺമുന്നിൽ എത്തുകയുള്ളു. പ്രസിദ്ധീകരിക്കേണ്ട വാർത്ത ഏതെന്നതു സംബന്ധിച്ച നിർണയത്തിൽത്തന്നെ ഉദ്ബോധനത്തിന്റെ ഒരംശം അടങ്ങുന്നുണ്ട്. വാർത്തകൾ എഴുതിയുണ്ടാക്കുന്ന വിധത്തിലും ലേഖകന്റെ പക്ഷപാതങ്ങളും വായനക്കാരിൽ ഒരു പ്രത്യേകതരം പ്രതികരണം ഉളവാക്കണമെന്ന ലേഖകന്റെ ഉദ്ദേശ്യവും പ്രതിഫലിച്ചുകാണാം. പഞ്ചസാരയും ചില്ലുപൊടിയുംപോലെ പരസ്പരം കലർത്തിക്കൂടാത്ത രണ്ടു വിരുദ്ധ വസ്തുക്കളാണു വാർത്തയും അഭിപ്രായവുമെന്നു പത്രപ്രവർത്തകർ പറയാറുണ്ട്. പക്ഷേ, അവർ അറിഞ്ഞോ അറിയാതെയോ വാർത്തയും അഭിപ്രായവും പലപ്പോഴും തമ്മിൽ കലർന്നുപോകുന്നു.

ഉദ്ബോധനമെന്ന ലക്ഷ്യം കുറേക്കൂടി പ്രകടമായി ഉൾക്കൊള്ളുന്നതാണു പത്രാധിപർക്കുള്ള കത്തുകൾ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും മുതലായ പംക്തികളും, മുഖപ്രസംഗം ചേർക്കുന്ന പേജിൽ പ്രസിദ്ധീകരിക്കുന്ന പ്രത്യേക ലേഖനങ്ങളും. ഫലപ്രദമായ ആശയവിനിമയത്തിനുള്ള വേദിയൊരുക്കുക എന്ന പത്രപ്രവർത്തനലക്ഷ്യത്തെ ഈ പംക്തികളും ലേഖനങ്ങളും ഒരളവോളം നിറവേററുന്നു. അന്നന്നത്തെ വാർത്തകളുടെ പശ്ചാത്തലവും പ്രാധാന്യവും വ്യക്തമാക്കുന്ന ഫീച്ചറുകളും വായനക്കാരെ ഉദ്ബുദ്ധരാക്കാൻ ഉദ്ദേശിച്ചുള്ളവയാണു*.

ഇവയിൽനിന്നു വ്യത്യസ്തമായി വായനക്കാരുടെ അഭിപ്രായങ്ങളെ നേരിട്ടു സ്വാധീനിക്കാനും നിശ്ചിതമായ ഒരു കർമപദ്ധതി അവരുടെ മുമ്പിൽ സമർപ്പിച്ച് അവരെ സക്രിയരാക്കാനും ഉദ്ദേശിച്ചുള്ളവയാണു മുഖപ്രസംഗങ്ങൾ. മുഖപ്രസംഗങ്ങൾ ആവിഷ്കരിക്കുന്നതു പത്രമുടമകളുടെ ആശയങ്ങളാണെന്നും അതിനാൽ അവയെ 'എഡിറേറാറിയലുകൾ' എന്നല്ല 'പ്രൊപ്രൈറേറാറിയലുകൾ' എന്നാണു വിളിക്കേണ്ടതെന്നും വാദിക്കുന്ന അശുഭദർശികൾക്ക് ഒരു ക്ഷാമവുമില്ല. വ്യക്തിയെന്ന നിലയിൽ പത്രാധിപരുടെയോ മുഖപ്രസംഗലേഖകന്റെയോ ഇഷ്ടാനിഷ്ടങ്ങൾ വിളമ്പാനാണു പലപ്പോഴും മുഖപ്രസംഗങ്ങൾ ഉപയോഗിക്കപ്പെടുന്നതു് എന്നതും ഒരു വസ്തുതയാകുന്നു.

പത്രങ്ങളിലെ മുഖപ്രസംഗം സോദ്ദേശ്യവും സഫലവുമായിത്തീരുന്നതു വായനക്കാരിൽ വലിയൊരു വിഭാഗത്തിന്റെ ഇനിയും വ്യക്തരൂപം കൈക്കൊണ്ടുകഴിഞ്ഞിട്ടില്ലാത്ത ആശയങ്ങൾക്കും അഭിലാഷങ്ങൾക്കും പ്രതീക്ഷകൾക്കും അതിലൂടെ മൂർത്തമായ രൂപം കൈവരുമ്പോൾ മാത്രമാണ്. എഴുത്തുകാരൻ വായനക്കാരുടെ സമൂഹത്തോടു് താദാത്മ്യം പ്രാപിക്കുമ്പോൾ മുഖപ്രസംഗം അതിന്റെ ലക്ഷ്യം നേടുന്നു. എത്തിപ്പിടിക്കാനാവാത്ത ഒരു ലക്ഷ്യമല്ല ഇതെന്നതിനു പത്രപ്രവർത്തന ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങളുണ്ട്.

വ്യക്തിക്കെന്നപോലെ പത്രത്തിനും സ്വന്തമായ ഒരു ധർമസംഹിതയും തനതായ ഒരു മനസ്സാക്ഷിയും വ്യക്തമായ ഒരു ജീവിതാവബോധവും, സാമ്പത്തികവും ഭരണപരവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ അയവുള്ളതെങ്കിലും യുക്തിസംഗതമായ ഒരു സമീപനവും ഉണ്ടായിരിക്കണം. ഇതൊക്കെയാണ് ഒരു പത്രത്തിന്റെ 'പോളിസി' (നയം) എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നതു്. പത്രത്തിന് അതിന്റേതായ സവിശേഷവ്യക്തിത്വം ഉളവാക്കുന്നതു് ഈ പോളിസിയാകുന്നു. പത്രത്തിന്റെ പോളിസിയെ സ്ഥിരമായും അനുഗതമായും നവംനവമായും മുഖപ്രസംഗങ്ങൾ ആവിഷ്കരിക്കുന്നു

നിഷ്പക്ഷം, കക്ഷിരഹിതം, സ്വതന്ത്രം എന്നൊക്കെ ലേബൽ ഒട്ടിച്ചാലും ഓരോ പത്രവും സമൂഹത്തിലെ ഏതെങ്കിലും ചില വിഭാഗങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നുണ്ടായിരിക്കും. ഈ സമൂഹവിഭാഗം ചിലപ്പോൾ ഒരു പാർട്ടിയായിരിക്കാം; ചിലപ്പോൾ ഒരു മതസമൂഹം ആയിരിക്കാം; മററു ചിലപ്പോൾ ഏതെങ്കിലും സാമ്പത്തികതാല്പര്യം ആയിരിക്കാം. എന്നാൽ, ജനാധിപത്യരാഷ്ട്രങ്ങളിൽ വൻതോതിൽ പ്രചരിച്ചുവരുന്ന (മാസ് സർക്കുലേഷൻ) പത്ര

ങ്ങൾ സമൂഹത്തിലെ താഴ്ന്ന ഇടത്തരക്കാരുടെ താല്പര്യങ്ങളുമായി സ്വയം സാത്മ്യം പ്രാപിക്കാനാണു സ്വാഭാവികമായും ആഗ്രഹിക്കുക. കാരണം, ഓരോ പ്രഭാതത്തിലും പണം നൽകി പത്രംവാങ്ങി വായിക്കുന്നവരിൽ അധികംപേരും ഈ വിഭാഗത്തിൽപ്പെടുന്നു. സമൂഹത്തിലെ ദുർബലരും അസംഘടിതരും ചൂഷണവിധേയരുമായ വിഭാഗങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഈ അവകാശങ്ങളെ അധികാരത്തിലിരിക്കുന്ന കക്ഷിയും ഉദ്യോഗസ്ഥമേധാവിത്വവും ധ്വംസിക്കുന്നതു് അപ്പപ്പോൾ കണ്ടറിഞ്ഞു തടയുന്നതിനുമാണു് ജനാധിപത്യവ്യവസ്ഥിതിയിൽ 'ബഹുജനപ്രചാര'പത്രങ്ങൾ ഉട്ബുദ്ധമായ സ്വാർത്ഥതാല്പര്യം മുൻനിർത്തിയെങ്കിലും പരിശ്രമിക്കേണ്ടതു്. അനീതിചെയ്യാൻ കഴിവും അവസരവും എപ്പോഴുമുള്ളതും നീതി ചെയ്യുന്നതിൽ മിക്കപ്പോഴും അലസവുമാണു ഭരണകൂടം (ഗവണ്മെൻറ്) എന്നതു നമ്മുടെയെല്ലാം നിത്യാനുഭവമാകുന്നു. അതിനാൽ, ഒരു കാവൽനായയുടെ വീറോടെയും ഇളവില്ലാത്ത ജാഗ്രതയോടെയും ഗവണ്മെൻറിൻെറ ഓരോ നടപടിയും ശ്രദ്ധിക്കുകയും ഗവണ്മെൻറിൻെറ സംശയാസ്പദങ്ങളായ നീക്കങ്ങൾ അപ്പപ്പോൾ തുറന്നുകാട്ടുകയും അനീതിയെ നിരന്തരമായി എതിർക്കുകയും ചെയ്യേണ്ടതു ജനാധിപത്യരാഷ്ട്രങ്ങളിൽ പത്രങ്ങളുടെ ധർമ്മമാകുന്നു. 'കാവൽനായ് ഭൂമിക' (വാച്ച് ഡോഗ് റോൾ) എന്നറിയപ്പെടുന്ന ഈ കർത്തവ്യം പത്രം നിർവഹിക്കുന്നതു മുഖ്യമായും മുഖപ്രസംഗത്തിലൂടെയത്രേ.

നിരന്തരവും സാർവജനീനവും സർവതോമുഖവുമായ പുരോഗതി അഭിലഷണീയവും സാദ്ധ്യവുമാണെന്ന വിശ്വാസമാണു ജനാധിപത്യവ്യവസ്ഥിതിയുടെ അസ്ഥിവാരം. ലക്ഷ്യം വിശദമായി നിർധാരണംചെയ്തു് അതു നേടുവാൻ പര്യാപ്തമായ പരിപാടി ആസൂത്രണംചെയ്തു കാല-ദേശ ബന്ധിതമായും ഇളവില്ലാത്ത ജാഗ്രതയോടെയും ആ പരിപാടി നടപ്പിൽ വരുത്തുന്നതിലൂടെ മാത്രമേ ജനത പുരോഗതി നേടുകയുള്ളൂ. അതിനാൽ, സമൂഹത്തെ പുരോഗതിയിലേക്കു നയിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സമൂഹത്തിൻെറ ഭൗതികങ്ങളും സാമ്പത്തികങ്ങളും സാമൂഹ്യങ്ങളും സാംസ്കാരികങ്ങളുമായ ലക്ഷ്യങ്ങളും മൂല്യങ്ങളും അനുസ്യൂതമായും വിശദമായും നിത്യനൂതനമായും സമൂഹത്തിൻെറ മുമ്പിൽ ആവർത്തിച്ചാവർത്തിച്ചു സമർപ്പിക്കേണ്ടതു ജനാധിപത്യവ്യവസ്ഥിതിയിൽ പത്രങ്ങളുടെ ഒഴിച്ചുകൂടാത്ത ബാദ്ധ്യതയും അഭിമാനാവഹമായ അവകാശവുമാകുന്നു. പത്രം ഈ ബാദ്ധ്യത നിറവേററുകയും ഈ അവകാശം അനുഭവിക്കുകയുംചെയ്യുന്നതു മുഖ്യമായും മുഖപ്രസംഗത്തിലൂടെയാണു്. മനുഷ്യശരീരത്തിനു ജീവൻ നൽകുന്ന അവയവം കണ്ണാണെങ്കിൽ പത്രത്തിനു ചൈതന്യം നൽകുന്ന ഘടകം മുഖപ്രസംഗം ആകുന്നു.

പത്രത്തിലെ ഉള്ളടക്കത്തിൽ ഏററവും കുറച്ചുമാത്രം ശ്രദ്ധിക്കപ്പെടുന്നതു മുഖപ്രസംഗമാണെന്ന ധാരണ പൊതുവേയുണ്ടു്. ഒരു വഴിപാടെന്ന നിലയിൽ മുഖപ്രസംഗം എഴുതിവിടുന്ന പത്രപ്രവർത്തകർ നമ്മുടെ നാട്ടിൽ കുറവല്ലായിരിക്കാം. എന്നാൽ, സമഗ്രാവബോധത്തോടെ വിഷയംസംബന്ധിച്ച പ്രസക്തങ്ങളായ വിവരങ്ങൾ മുഴുവൻ അണിനിരത്തി പ്രശ്നം വിവരിച്ചു വിശദമായ ഒരു നിഗമനത്തിലേക്കു വായനക്കാരെ അനായാസമായും ആഹ്ലാദകരമായും നയിക്കുന്ന മുഖപ്രസംഗങ്ങൾ തീർച്ചയായും മികച്ചയൊരു വിദ്യാഭ്യാസ അനുഭവമാണു വായനക്കാർക്കു നൽകുക. വിഷയത്തിൻെറ പ്രസക്തികൊണ്ടും പ്രതിപാദനത്തിലെ വൈശദ്യംകൊണ്ടും ഭാഷയുടെ ലാളിത്യംകൊണ്ടും ശൈലിയുടെ സരസതകൊണ്ടും ഉത്തമസാഹിത്യപദവിയിൽ എത്തിനില്ക്കുന്ന മുഖപ്രസംഗങ്ങൾ ഇപ്പോഴും പത്രങ്ങളിൽ അപൂർവമായെങ്കിലും എഴുതപ്പെടുന്നുണ്ടു്. അവയ്ക്കു് ആസ്വാദകരും കുറവല്ല.

ബ്രിട്ടീഷ്വാഴ്ചയുടെ ചില ഘട്ടങ്ങളിൽ നമ്മുടെ ചില ദേശീയ പത്രങ്ങൾ മുഖപ്രസംഗത്തിൻെറ സ്ഥലം അച്ചടിമഷി പുരട്ടാതെ ഒഴിച്ചിട്ടു് വിദേ

ശീയ ഭരണത്തോടുള്ള തങ്ങളുടെ എതിർപ്പ് സഫലമായി പ്രദർശിപ്പിക്കുകയുണ്ടായി. എന്നാൽ, ഇന്നത്തെ നിലയിൽ മുഖപ്രസംഗമില്ലാത്ത ഒരു പത്രം അചിന്ത്യംതന്നെയാണ്.

(3 ജനവരി, 1988)

# 83. ഫെലിസ്ത്യർ

‘ഇസ്രായേൽ ജനങ്ങൾ വീണ്ടും കർത്താവിന്റെ ദൃഷ്ടിയിൽ തിന്മയായതു ചെയ്തു; കർത്താവ് നാല്പതു വർഷത്തേക്ക് അവരെ ഫെലിസ്ത്യരുടെ കൈയിൽ അകപ്പെടുത്തി.’ അങ്ങനെ ഫെലിസ്ത്യർക്ക് അടിമകളായിത്തീർന്ന ഇസ്രായേൽക്കാരെ മോചിപ്പിക്കാൻ പിറന്ന ശിശുവായിരുന്നു ശിംശോൻ. ശിംശോൻ ഫെലിസ്ത്യരെ യുദ്ധങ്ങളിൽ പരാജയപ്പെടുത്തുകയും ഇരുപതു വർഷം ഇസ്രായേലിൽ ന്യായം നടത്തുകയുംചെയ്തു. പിന്നീട് ദെലീലാ എന്ന ഫെലിസ്ത്യക്കാരിയുടെ വലയിൽ വീണ ശിംശോൻ, ജനനംമുതൽ വടിച്ചുകളയാത്ത ജടകളാണ് തന്റെ അസാധാരണമായ ബലത്തിന്റെ രഹസ്യമെന്ന് അവളോടു പറഞ്ഞു. ദെലീലാ അയാളെ മടിയിൽ കിടത്തി ഉറക്കി; ഒരാളെ വിളിച്ച്, ശിംശോന്റെ തലയിലെ ഏഴു ജടയും വടിപ്പിച്ചുകളഞ്ഞു. താമസിയാതെ ഫെലിസ്ത്യർ എത്തി അയാളെ പിടികൂടി; അയാളുടെ കണ്ണുകൾ തുരന്നെടുത്തു. അയാളെ ഗസ്സായിലേക്ക് കൊണ്ടുവന്ന് ഓട്ടുചങ്ങലകൾകൊണ്ടു ബന്ധിച്ചു. കാരാഗൃഹത്തിൽ ധാന്യം പൊടിക്കുന്നിടത്ത് അയാൾ ധാന്യം പൊടിച്ചു. മുടി വീണ്ടും വളർന്നതോടെ ശിംശോന് തന്റെ ശക്തി തിരിച്ചുകിട്ടി.

തങ്ങളുടെ ദേവനായ ദാഗോനുവേണ്ടി ഫെലിസ്ത്യപ്രഭുക്കൾ ഒരു മഹായാഗം നടത്തി. ആ അവസരത്തിൽ പലതരം കളികൾ പ്രദർശിപ്പിക്കാൻ അവർ ശിംശോനെ ജയിലിൽനിന്നു വരുത്തി. അയാളുടെ കളികൾ കാണാൻ ഫെലിസ്ത്യർ ഒരു കെട്ടിടത്തിൽ തിങ്ങിനിറഞ്ഞു. കെട്ടിടം ഉറപ്പിച്ചിരുന്ന രണ്ടു നടുത്തൂണുകളിൽ രണ്ടു കൈയുംവെച്ച് ശിംശോൻ തന്റെ ഭാരം അവയിൽ ചെലുത്തി സർവശക്തിയോടുംകൂടി കുനിഞ്ഞു. കെട്ടിടം അതിനുള്ളിലുണ്ടായിരുന്ന പ്രഭുക്കന്മാരുടെയും ജനങ്ങളുടെയുംമേൽ തകർന്നുവീണു. ‘അങ്ങനെ അയാളുടെ മരണസമയത്ത് അയാൾ കൊന്നവർ, അയാളുടെ ജീവിതകാലത്ത് അയാൾ കൊന്നവരേക്കാൾ കൂടുതലായിരുന്നു.’

ഫെലിസ്ത്യവർഗത്തിൽപ്പെട്ട ഗോലിയാത്ത് എന്ന മല്ലന്റെ കഥ ബൈബിളിലെ ‘പഴയനിയമ’ത്തിൽ കാണാം. ഗത്ത് നിവാസിയായിരുന്ന അയാളുടെ ഉയരം ആറു മുഴവും ഒരു ചാണും ആയിരുന്നു. അയാൾ ഓടുകൊണ്ടുള്ള ഒരു ശിരസ്ത്രാണം ധരിച്ചിരുന്നു. അയ്യായിരം ശേക്കൽ തൂക്കമുള്ള ഒരു ഓട്ടുകവചമാണ് അയാൾ അണിഞ്ഞിരുന്നത്. അയാൾക്ക് ഓടുകൊണ്ടുള്ള കാൽച്ചട്ടകളും ഉണ്ടായിരുന്നു. തോളുകളുടെ ഇടയിൽനിന്ന് ഓടുകൊണ്ടുള്ള വേൽ തൂങ്ങിക്കിടന്നിരുന്നു. നെയ്ത്തുതടിക്കു തുല്യമായിരുന്നു അയാളുടെ കുന്തത്തിന്റെ കൈപ്പിടി. കുന്തമുനയുടെ തൂക്കം അറുനൂറു ശേക്കൽ ഇരുമ്പ്. ഇസ്രായേൽക്കാരെ ഗോലിയാത്ത് ദ്വന്ദ്വയുദ്ധത്തിനു വിളിച്ചു. യഹൂദായിലുള്ള ബേത്ലഹേമിലെ യിശ്ശായിയുടെ പുത്രനും ആടുമേച്ചിൽകാരനുമായ ദാവീദ് കല്ലും കവിണയും വടിയുമായി ആ ഫെലിസ്ത്യനെ നേരിട്ടു. ദാവീദ് കവിണയിൽവെച്ചു ചുഴറ്റിയെറിഞ്ഞ കല്ല് നെറ്റിയിലേറ്റ് ഗോലിയാത്ത് മുഖംകുത്തിവീണു. ദാവീദ് പാഞ്ഞെത്തി ഫെലിസ്ത്യന്റെ പുറത്തുകയറിനിന്നു; ഉറയിൽനിന്ന് അയാളുടെ വാൾ ഊരിയെടുത്ത് അയാളെ വധിച്ചു; അയാളുടെ തല വെട്ടിക്കളഞ്ഞു. തങ്ങളുടെ മല്ലൻ മരിച്ചെന്നുകണ്ടു ഫെലിസ്ത്യർ പലായനംചെയ്തു. ഫെലിസ്ത്യ